# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 189 18.12.2012- ൽ മറുപടിക്ക്

**'കൈത്തറിയിൽ പ്രാദേശിക ബ്രാന്റുകളുടെ വികസനം'**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എ.റ്റി.ജോർജ്ജ്. | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>വകുപ്പ് മന്ത്രി) | |
| (എ) | 'കൈത്തറിയിൽ പ്രാദേശിക ബ്രാന്റുകളുടെ വികസനം' എന്ന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | കൈത്തറിയിൽ പ്രാദേശിക ബ്രാൻഡുകളുടെ വികസനം എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവയാണ്.<br>1. കേരളത്തിന്റെ തനതായ കലാരൂപങ്ങളുടെയും ഡിസൈനുകളുടെയും പരിപോഷണവും സംരക്ഷണവും.<br>2. നെയ്ത്തിനും, പ്രിന്റിംഗിനുമായി വിവിധ തരത്തിലുള്ള ഡിസൈനുകളുടെ തയ്യാറെടുപ്പ്.<br>3. കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ നിന്നുമുള്ള മുദ്രകളും ഡിസൈനുകളും രൂപങ്ങളും കേരള കൈത്തറി വസ്ത്രങ്ങളിൽ സന്നിവേശിപ്പിച്ച് കേരളത്തിന്റേതായ തനത് രൂപഭംഗി കൈത്തറിയിൽ വരുത്തി കൈത്തറി മേഖലയെ പരിപോഷിപ്പിക്കുക.<br>4. കേരള തനിമ നിലനിർത്തിക്കൊണ്ട് വൈവിധ്യമാർന്ന ഡിസൈനുകൾ കൈത്തറിയിൽ കൊണ്ട് വന്ന് ദേശീയവും അന്തർ ദേശീയവുമായ വിപണിയിൽ കേരളത്തിന്റെ കൈത്തറി ഉത്പന്നങ്ങൾക്ക് പ്രമുഖ സ്ഥാനം കൈവരിക്കുന്നതിന് സഹായിക്കുക.<br>5. കൈത്തറി തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ലഭ്യമാക്കുകയും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സഹായിക്കുകയും ചെയ്യുക. |
| (ബി) | പദ്ധതി പ്രകാരം കൈത്തറി ഉൽപ്പന്നങ്ങളെ എത്ര മേഖലകളിലായി തരം തിരിച്ചിട്ടുണ്ട്; | ബി) | ഉൽപന്നങ്ങളെ കാസർകോട്, കണ്ണൂർ, കുത്താംപുള്ളി, ചേന്ദമംഗലം, പാലക്കാട്, ബാലരാമപുരം എന്നീ 6 മേഖലകളിലായി തരം തിരിച്ചിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി ഏത് വകുപ്പ്/ഏജൻസി മുഖേനയാണ് നടപ്പാക്കുന്നത്; വിശദമാക്കാമോ; | (സി) | കൈത്തറി ഡയറക്ടറേറ്റും കണ്ണൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻറ്ലൂം ടെക്നോളജിയും ചേർന്നാണ് നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിന്റെ കൈത്തറി ഉൽപ്പന്നങ്ങൾ പൊതുനാമത്തിൽ അറിയപ്പെടുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | കേരള കൈത്തറി എന്ന ബ്രാൻഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ കേരളത്തിന്റെ തനിമയും പൈതൃകവും ആസ്പദമാക്കിയുള്ള രൂപങ്ങളും നിറക്കൂട്ടുകളും സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | കൈത്തറി ഉൽപന്നങ്ങൾ നിർമ്മിക്കുമ്പോൾ കേരളത്തിന്റെ തനിമയും പൈതൃകവും ആസ്പദമാക്കിയുള്ള രൂപങ്ങളും നിറക്കൂട്ടുകളും ആണ് ഇപ്പോൾ തന്നെ ഉപയോഗിക്കുന്നത്. പ്രാദേശിക ബ്രാൻഡുകളുടെ വികസനം എന്ന പദ്ധതിയിൽ ഇതിന് ഊന്നൽ നല്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ